പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1533 21.03.2012- ലെ മറുപടിക്ക്

**സാഫല്യം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസികൾക്കായി സ്വപ്ന സാഫല്യം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) സൗദി അറേബ്യയിലെ ജയിലുകളിൽ നിന്ന് മോചിതരായവർക്കും പാസ്പോർട്ടും മറ്റ് രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് 'സ്വപ്ന സാഫല്യം' . 2012 ഫെബ്രുവരി മാസം 8 -ാം തീയതി ബഹു. മുഖ്യമന്ത്രി പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഗൾഫ് നാടുകളിൽ ചെറിയ വീഴ്ചകൾ മൂലം ജയിലിലും മറ്റും കഷ്ടത അനുഭവിക്കുന്ന നിരപരാധികളായ പ്രവാസി കേരളീയരെ സ്വകാര്യ പങ്കാളിത്തത്തോടെ സഹായിക്കുന്നതിലേയ്ക്കാണ് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ ജയിൽ മോചിതരാകുന്നവർക്ക് തിരികെ നാട്ടിൽ വരുന്നതിന് ടിക്കറ്റുകൾ സൗജന്യമായി സ്വപ്ന സാഫല്യം പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. |
| (ബി) ഈ പദ്ധതി വഴി ഇതിനകം എത്ര മലയാളികളെ വിദേശ ജയിലുകളിൽ നിന്ന് മോചിപ്പിച്ചുവെന്നും; എത്ര പേർക്ക് ഇതിനകം സഹായം ലഭ്യമാക്കിയെന്നും വിശദമാക്കാമോ; | (ബി) 2012 ഫെബ്രുവരി മാസം ആരംഭിച്ച സ്വപ്ന സാഫല്യം പദ്ധതിയിൻ കീഴിൽ നാളിതുവരെയായി 6 പേരെയാണ് തിരികെ നാട്ടിലെത്തിച്ചിട്ടുള്ളത്. |
| (സി) ഇതിനായി എന്ത് തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ? | (സി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോർക്ക – റൂട്ട്സിൽ നിന്നും 7860/-(ഏഴായിരത്തി എണ്ണൂറ്റി അറുപത്) രൂപ ചെലവായിട്ടുണ്ട്. ഇപ്പോൾ ടിക്കറ്റിന്റെ ചാർജ് സ്പോൺസർ ചെയ്തിട്ടുള്ളത് സൗദി അറേബ്യയിലെ വ്യവസായി ശ്രീ. സിദ്ദിഖ്(ഐ. റ്റി. എൽ ) ആണ്. ആയതിനാൽ നോർക്കയ്ക്ക് ടിക്കറ്റിന് പണം ചെലവഴിക്കേണ്ടി വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ